
ജി വി എച്ച് എസ് എസ് പുല്ലാനൂർ
സ്കൈലാബ്
2020
little KITEs
little KITEs
ഡിജിറ്റൽ മാഗസിൻ

## ആമുഖം

നിത്യകന്യകയായ ഭൂമിയും, അതിലെ വിസ്മയിപ്പിക്കുന്ന കാഴ്ചകളും, ചടുലമായി ആവർത്തിക്കുന്ന ഋതുഭേദങ്ങളും, കണ്ണുകളിൽ കവിതയുള്ള കുഞ്ഞുങ്ങളും മനുഷ്യഭാവനയെ എക്കാലത്തും പ്രചോദിപ്പിച്ചിട്ടുണ്ട്. വാക്കും മനസ്സും പ്രകൃതിയും ഒരുമിക്കുമ്പോഴാണ് ഉത്തമ കല രൂപപ്പെടുന്നത്. നിർവചനങ്ങളിൽ ഒടുങ്ങാത്ത ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കാൻ വർണങ്ങളും വരകളും, നാദവും മതിയാകാതെ വരുന്നു. പരിമിതികളെ മുറിച്ച് കടക്കാനുള്ള പ്രയത്നമാണ് എല്ലാ സൃഷ്ടികൾക്കും പിന്നിലുള്ളത്. ഞങ്ങളുടെ സ്വപ്നവും, ഭാവനയും, കൊച്ചു കൊച്ചു മോഹങ്ങളും, പ്രതീക്ഷയും ഈ മാഗസിനിൽ സമന്വയിക്കുന്നു. കാലപ്രവാഹത്തിൽ ഞങ്ങളുടെ ഈ കർമം വിഫലമാകില്ലെന്ന ബോധ്യത്തോടെ,

**എഡിറ്റർ**



**ഫാത്തിമ്മ ഹിബ എൻ എം**

**9D**

മുസ്തഫ മൈലപ്പുറം
ഹെഡ് മാസ്റ്റർ,
ജി.വി.എച്ച്.എസ്.എസ് -
പുല്ലാനൂർ

# സന്ദേശം

ആധുനിക കാലഘട്ടത്തിന്റെ ചുവരെഴുത്ത് വായിച്ച് , സമൂഹ ഗാത്രത്തെ നേർ വഴിക്ക് നയിക്കുന്ന നായകരാണ് സാഹിത്യകാരൻ.

വിദ്യാലയത്തിൽ വിരിയുന്ന ആമ്പൽ മൊട്ടുകളാണ് നാനാത്വം പരിലസിക്കുന്ന ഉദ്യാനങ്ങളായി വിരാജിക്കുക.

സാഹിത്യത്തെ വിധ്വംസക – അശ്ലീല കലകളാക്കി പരിവർത്തിക്ക പ്പെടുന്ന ന്യൂ ജനറേഷൻ ഡിജിറ്റൽ യുഗത്തിൽ , കലയും സാഹിത്യവും സമൂഹ നന്മക്കുള്ള ആയുധമാക്കാനുള്ള പരിശ്രമത്തെ മുക്ത കണ്ഠം പുകഴ്ത്തുന്നു.

പുല്ലാനൂർ സ്കൂളിന്റെ തിളങ്ങുന്ന വെള്ളി നക്ഷത്രമായി മാറാൻ നാം തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാവട്ടെയെന്ന് ആശംസിക്കുന്നു.

സർവ്വ വിധ ഭാവുകങ്ങളും ഹൃദയംഗമമായി നേരുന്നു.

പുല്ലാനൂർ,
27-1-2020

ഹെഡ് മാസ്റ്റർ (ഒപ്പ്)

# സന്ദേശം

ഹൃദയ നൊമ്പരങ്ങളുടെ പങ്കു വെയ്പാണ് സാഹിത്യം .

സാഹിത്യത്തിന്റെ വിവിധ രൂപങ്ങളാണ്, കഥയും കവിതയും

നോവലുകളുംചെറുകഥകളും.

അവ ഉയർത്തുന്ന സാമൂഹിക നവോത്ഥാനം വളരെ വലുതാണ്.

ഒരു സാഹിത്യകാരൻ പിറക്കുന്നത് സാമൂഹിക

സാഹചര്യങ്ങളിൽ നിന്നാണ്.

വിദ്യാലയത്തിൽ നിന്ന് ലഭിക്കുന്ന കൈത്തിരി ,

ആളിക്കത്തുമ്പോൾ ഒരു പ്രതിഭ ജനിക്കുന്നു.

പണ്ടൊക്കെ , പേനകൾ കൊണ്ട് കടലാസ്സിൽ കുത്തിക്കുറിച്ചായിരുന്നു

സാഹിത്യത്തിന്റെ പേറ്റു നോവെങ്കിൽ ഇന്നത്തെ ഡിജിറ്റൽ

യുഗത്തിൽ സാഹിത്യം പിറ കൊള്ളുന്നത്

മനസ്സുകളിൽ നിന്ന് ചിപ്പുകളിലേക്കാണ്.

പുതിയ ഭാവത്തിലും രൂപത്തിലും ജനിച്ചു വീഴുന്ന ഈ ഡിജിറ്റൽ ശിശുക്കൾ

മഹാ വിസ്ഫോടനം തീർക്കുമെന്ന കാര്യത്തിൽ സംശയമേയില്ല .

നിങ്ങൾ തീർക്കുന്ന , ഈ ഡിജിറ്റൽ മാഗസിൻ തീർച്ചയായും

വിപ്ലവം സൃഷ്ടിക്കും .തീർച്ച .

സർവ്വ ഭാവുകങ്ങളും പ്രാർത്ഥനയും നേരുന്നു .

പുല്ലാനൂർ

27-1-2020

എം.ഹസനുദ്ധീൻ

(സീനിയർ എച്ച്.എസ്.ടി)



**ഹെഡ്മാസ്റ്റർ**

**മുസ്തഫമൈലപ്പുറം**



**സീനിയർ അസിസ്റ്റന്റ്**

**എം.ഹസനുദ്ധീൻ**

# ആശംസ

**വിവര സാങ്കേതിക വിദ്യയുടെ ശരിയായ അന്ത:സത്ത ഉൾക്കൊണ്ട് അതിന്റെ വിവിധ തലങ്ങളിൽ കൈയ്യൊപ്പ് ചാർത്തി മുന്നേറുന്ന 'ലിറ്റിൽകൈറ്റ്സ്' ടീമംഗങ്ങളുടെ ഈ ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിലും അവതരണത്തിലും മികവു പുലർത്തുന്നു.**

**ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.**





**ആനി മേരി ജോർജ്**

**Joint SITC**

**കോമളവല്ലി പി വി**

**കൈറ്റ് മിസ്ട്രസ്**

**ജീവിതം ഒരു യാദൃശ്ചികതയാണ്.അനന്തതയിൽ നിന്ന് ഒഴുകിവന്ന് അനന്തതയിലേക്ക് പാഞ്ഞ് പോകുന്ന ഒരു മഹാപ്രവാഹം. ഈ പ്രവാഹത്തിൽ കണ്ണിചേരാൻ കഴിഞ്ഞ നാം ഭാഗ്യവാൻമാരാണ്. അൽപായുസ്സായ ഈ ജീവിതം കൊണ്ട് സമൂഹത്തിനും രാജ്യത്തിനും പ്രപഞ്ചത്തിനും ആവുന്നതൊക്കെ ചെയ്യുക. അങ്ങനെ ജീവിതം സാർഥകമാകട്ടെ.**

**സൈസ്കലാബ് 2020** ക്ക് എല്ലാവിധ ആശംസകളും നേരുന്നു.



**കൈറ്റ് മാസ്റ്റർ**

# OUR SCHOOL LOGO



**ഉള്ളടക്കം**


അറ്റുപോകാത്തൊരു അഗ്നിച്ചിറകുകൾ....4
ചാക്യാർകൂത്ത്....5
ഡയറി....6
താളം തെറ്റുന്ന ഭൂമി....7
കെട്ടു പൊട്ടിച്ച ഓട്ടങ്ങൾ....8
മഹത് വചനങ്ങൾ....9
SAVE ENVIRONMENT: ENvIRONMENT IS EVERYTHING....11
*THE HOUSE MY*....12
CHILDHOOD....12
ONCE UPON A TIME....14
The first ever I had....16
നന്മകൾ പൂക്കുന്ന വിദ്യാലയം....18
Earthern Dream....19
എട്ടുകാലി....21
കടലാസുതോണി....22
തിരിച്ചറിവുകൾ....23
പ്രളയമേ എനിക്ക് പറയാനുള്ളത്....25
അമ്പിളി അമ്മാവൻ....27
അലങ്കാര ഭംഗി....28
അന്യന്റെ മുതൽ ആഗ്രഹിക്കരുത്....29
പൊയ് കിനാവ്....30
The unholy daughter....31
അമ്മ പഠിപ്പിച്ചവ....32
The first ever i had....33
അമ്മ....34
ഇല....35
....36
എൻ കൂട്ടുകാർ....36
നിള ജനിക്കുന്നു....37
പൂവ്....38
പ്രകൃതി തൻ വരദാനം....39
മരത്തണൽ....40
മാഃനിഷാദാ....!....41
ചാന്ദ്ര ദിന ക്വിസ്....42
തെയ്യം....44

പർവ്വതങ്ങൾ.....46
വിശ്വാസവും പ്രകൃതിയും.....48
പുസ്തകങ്ങൾ,രചയിതാക്കൾ.....49
പൂമ്പാറ്റയോട്.....50
പ്രളയം.....51
മഴ.....53
ലോക വനദിനം.....55
ശ്രീനാരായണഗുരു.....56

**CHIEF EDITOR :- FATHIMA HIBA N M (9D)**

**STUDENT EDITORS:- HAMNA I T (9D)**

**HUSNA BISHARA (9C)**

**ANSIL RAHMAN (9B)**

**FATHIMA SAHLA V K (9C)**

**ANAL N (10 A)**

**PRASEEN (10 A)**

# അറ്റുപോകാത്തൊരു അഗ്നിച്ചിറകുകൾ

ഇന്നുഞാനിതാദ്യമായ്,
ഇരുളിൻ തീ അണക്കാനുതകുന്നു.
ഇറയത്തെ നിറവെളിച്ചത്തിൽ നീന്തിതുടിക്കാൻ
ഈ ഞാൻ കൊതിക്കുന്നു.

ഇവിടെയി കരിഞ്ഞ വയറേന്തി
ഇനിഞാനെങ്ങനെനുകരുമാ
ഇളം നാമ്പുപോലുള്ളൊരെൻ ജീവിതം.
ഇല്ല,ഞാനിടറില്ല,പതറില്ല.
ഇനിയും നേടണം,അതിവേഗം.



രാമേശ്വരത്തിന്റെ രാമനായി വളർന്നവൻ
എരിയുന്ന വയറിന്റെ നോവറിഞ്ഞവൻ
അവൻ നീറ്റലുകൾ താണ്ടി ഉയരെ,
മിസൈലായി പറന്നുവെങ്കിൽ,

ഇവിടെ നാലുചുമരുകൾക്കുള്ളി
ലുതിരുകയരുതെന്റെ ചുടുകണ്ണുനീർത്തുള്ളികൾ.
ചിറകിട്ടുയരണം.
കൈയേന്തിനേടണമേറെ.

സ്വപ്നരഥത്തിലേറി സ്വത്വം
മുറുകെപ്പിടിക്കാൻ
പഠിപ്പിച്ചതവനെങ്കിൽ
നേരറിഞ്ഞ്,നന്മപുകി അറിവ് നുണഞ്ഞ്
അനശ്വരനായ് തീർന്നവൻ അവൻ.

# ചാക്യാർകൂത്ത്

കേരളത്തിലെ അതി പ്രാചീനമായ ഒരു രംഗകലയാണ് ചാക്യാർകൂത്ത്. കൂത്ത് പരമ്പരാഗമായി ചാക്യാർ സമുദായത്തിലെ അംഗങ്ങളാണ് അവതരിപ്പിക്കുക.അതുകൊണ്ടാണ് ഈ പേര് നിലവിൽ വന്നത്. ഇത് ഒരു ഏകാംഗ കലാ രൂപമാണ്.ഒന്നിൽ കൂടുതൽ ചാക്യാന്മാർ ചേർന്ന് സംസ്ക്രത നാടകങ്ങൾ അവതരിപ്പിക്കുന്നതിനെ കൂടിയാട്ടാം എന്നും വിളിക്കുന്നു.ദാസൻ തുടങ്ങിയ മഹാകവികളുടെ സംസ്കൃത നാടകങ്ങളെ ഉപജീവിച്ച് നാട്യശാസ്ത്രവിധിപ്രകാരം അഭിനയിക്കപ്പെടുന്ന കലാരൂപമാണ് ഇത്.



# ഡയറി

നീ ദിവസങ്ങളുടെ കൂട്ടമാണ്.
ദിനമോരോന്നായി കഴിയുമ്പോൾ
നിന്റെ താളുകളും
എന്റെ അനുഭവങ്ങളും
വിധി പറയുന്ന ആ ദിനത്തിന്റെ
ഏകാധിപൻ
എനിക്കിവിടെ അനുവദിച്ച നേരവും
ചുരുങ്ങി കൊണ്ടിരിക്കുന്നു.



ദിനങ്ങൾ,തോന്നുന്നത്
കറിക്കാനെളുപ്പത്തിൽ
താളുകളിലൊക്കിയ നിന്റെ
മേനിയിൽ...
നൃപൻ..
തൻ അനുഭവങ്ങൾ
തുലികയാലർത്തുന്നു.

പക്ഷേ..
അവനും നീയും അറിയാതെ
നിന്റെ താളിന്റെ ആയുസ്സിൽ നിന്നും
അവന്റെ ജീവിതായുസ്സിൽ നിന്നും
ഒരു ദിനം കൂടി പൊഴിയുന്നു.

നിന്റെ താളുകളിൽ തലോടിയാണ്
ഏതൊരാളും എന്റെ ഭൂതകാലത്തെ
ഉറ്റുനോക്കുന്നത്...
നീ പലരുടെയും പ്രിയപ്പെട്ടതും
രഹസ്യവും ഓർമ്മയുമാണ്.

# താളം തെറ്റുന്ന ഭൂമി

ഇന്നലെ ഊഷ്മളം ശാന്തം മനോഹരം
തെളിയാർന്ന വനീലാകാഷം
ചിരിതൂകുന്ന സൂര്യൻ
വായുവിൻ സുഗന്ധം
പാറിപ്പറക്കുന്ന തുമ്പികൾ
അമ്മതൻ തലോലം അമ്മിഞ്ഞിപ്പാലിൻെറ മാധുര്യം
കുഞ്ഞിൻെറ കിളിക്കൊഞ്ചൽ
കുളിർതെന്നലിൽ മർമ്മരം
അരുവിതൻ കളകളനാദം
ആറ്റിലെതെളിഞ്ഞ വെള്ളം
കരയെ ഉമ്മവെക്കുന്ന തിരമാലകൾ
പച്ചപുതച്ച വയലുകൾ കുന്നുകൾ
ഇന്ന് കരിപുരണ്ട ഭൂമി
കരിവാളിച്ച ആകാശം



ഫാത്തിമ മിൻഹ
5th Standard

## കെട്ടു പൊട്ടിച്ച ഓട്ടങ്ങൾ

ഒരുക്കിയിരുത്തിന്റെ പൊട്ടിത്തെറികൾ
പിടിച്ചാൽ കിട്ടാത്ത ഓട്ടങ്ങളായപ്പോൾ
ചാടിക്കടന്ന് ഓടിപ്പിടിച്ച് നേടിയതെല്ലാം
പൊൻതുവലുകളായി
ഈ സൗദത്തിൽ ശിരസ്സിൽ ഉണ്ടാവും എന്നും

# മഹത് വചനങ്ങൾ

*വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല.അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ്.



-ഗാന്ധിജി

* ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും നിങ്ങളുടെ ജീവിതത്തിലേക്ക് വരുന്നത് നിങ്ങളെ തകർക്കാനല്ല...മറിച്ച് നിങ്ങളുടെ ഉള്ളിലെ കയിവുകളേയും ശക്തികളേയു തിരിച്ചറിയിച്ച തന്ന് സഹായിക്കാനാണ്.



-എ.പി.ജെ അബ്ദുൽ കലാം

*സന്തോഷത്തിന്റെ ഒരു വാതിൽ അടയുമ്പോൾ എപ്പോഴും മറ്റൊന്ന് തുറക്കുന്നു.അടഞ്ഞവാതിലിൽ തന്നെ നോക്കിനിൽക്കുന്നത് കൊണ്ടാണ് തുറന്ന വാതിൽ നമ്മൾ കാണാത്തത്.

-ഹെലൻ കെല്ലർ

*നമുക്ക് എന്തറിയാം എന്നതല്ല,എന്തറിഞ്ഞ്കൂടാ എന്നതാണ് എതാർത്ഥ അറിവ്.

-ഹെൻറി ഡേവിഡ് തോറ


*മനസ്സിൽ സ്ഥാനമുള്ളവൻ എത്ര ദൂരെയാണെങ്കിലും അടുത്ത്തന്നെയാണ്.എന്നാൽ ഹൃദയത്തിൽ ഇടമില്ലാത്തയാൾ എത്ര അടുത്താണെങ്കിലും ദൂരെയാണ്.

-ചാണക്യൻ

*ഇരുട്ടിന് ഇരുട്ടിനെ ഒടിച്ച് കളയാനാവില്ല.വെളിച്ചത്തിനെ അത് സാധിക്കൂ.വെറുപ്പിന് വെറുപ്പിനെ തിരുത്താനാവില്ല.സ്നേഹത്തിനേ അത് സാധിക്കൂ.

-മാർട്ടിൻ ലൂഥർ കിങ്

*ഞാൻ 99 പ്രാവിശ്യം ശ്രമിച്ചിട്ടും പക്ഷെ ഞാൻ നിർത്താൻ തയ്യാറല്ലായിരുന്നു,നൂറാമത്തെ തവണ വിജയം എന്നെ തേടി വരിക തന്നെ ചെയ്തു.



-ആൽബേർട്ട്

*ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം;ഉറങ്ങാൻ അനുവദിക്കാത്തതാണ് സ്വപ്നം.



-എ.പി.ജെ അബ്ദുൽ കലാം

*ജന്മദിനം, നമ്മൾ കരയുന്നത് കണ്ട് അമ്മ ചിരിക്കുന്ന ജീവിതത്തിലെ ഒരേയൊരു ദിവസം.

-എ.പി.ജെ അബ്ദുൽ കലാം

# SAVE ENVIRONMENT: ENVIRONMENT IS EVERYTHING

Our natural environment and surrounding provides us everything that we need for our existence. we are using water, food, air and everything from the nature. So it is our responsibility to save our environment from pollution. It is a big question that why should we save environment ? High level of environmental pollution is detrimental for human and animal existence. Excessive use of pesticides and contamination of soil has negatively affected soil out put. So that we fruits and vegetables are not become healthy for humans. Forest are fast depleting. Which results soil erosion and droughts. Contamination of water is another problem that we face today. The waste from factories and cities are now dumped to nearby river thus the water is contaminated. Due to this people affected with many diseases. Now its the time to think about our existence. Today the temperature is increasing. It is too hot that we cant bear. Humans are facing such situations only because of their activities which destroyed the nature. People are not even aware about nature and its importance. They cut down all the trees. Now we don’t get enough rain. The result is very big, the water scarcity. The natural environment in completely destroyed by human being itself.



ഹംന ഐ ടി

9D

# THE HOUSE OF MY

# CHILDHOOD

THE HOUSE OF MY CHILDHOOD STOOD EMPTY
ON AGREE HILL
ALL ITS FURNITURE GONE
EXCEPT MY GRAND MOTHER'S GRIND STONE
AND THE BRASS FIGURINES OF HER GODS

AFTER THE DEATH OF ALL BIRDS
BIRD-CRIES STILL FILL THE MIND
AFTER THE CITY'S ERASURE
A BLUR STILL PEOPLES THE AIR
IN THE COLOURLESS CRACK THAT COMES BEFORE MORNING
IN A PLACE WHERE NOBODY CAN SING
WORDS DISTRIBUTE THEIR SILENCE
AMONG INTRICATLY CLUSTED GLYPHS

MY GRAND MOTHER'S VOICE SHIVERS ON ABARE BRANCH
I TO DIE AROUND THE EMPTY HOUSE
SPRING AND SUMMER ARE BOTH GONE
LEAVING AN ELDERLY IN FANT
TO EXPLORE THE ROOM OF AGE

# ONCE UPON A TIME

*ONCE UPON A TIME, SON,*
*THE USED TO LAUGH WITH THEIR HEARTS*
*AND LAUGH WITH THEIR EYES:*
*BUT NOW THEY ONLY LAUGH WITH THEIR TEETH,*
*WHILE THEIR ICE-BLOCK -COLD EYES*
*SEARCH BEHIND MY SHADOW.*
*THERE WAS A TIME INDEED*
*THEY USED TO SHAKE HANDS WITH THEIR HEARTS:*
*BUT THAT'S GONE' SON.*
*NOW THEY SHAKE HANDS WITHOUT HEARTS*
*WHILE THEIR LEFT HAND SEARCH*
*MY EMPTY POCKETS.*
*'FEEL AT HOME!' 'COME AGAIN"*
*THEY SAY, AND WHEN I COME*
*AGAIN AND FEEL*
*AT HOME, ONCE, TWICE,*
*THERE WILL BE NO THRICE-*
*FOR THEN I FIND DOORS SHUT ON ME.*
*SO I HAVE LEARNED MANY THINGS, SON.*
*I HAVE LEARNED TO WEAR MANY FACE*
*LIKE DRESSES-HOME FACE,*
*OFFICE FACE, STREET FACE, HOST FACE,*
*COCKTAIL FACE, WITH ALL THEIR CONFORMING SMILES*
*LIKE A FIXED PORTRAIT SMILE*
*AND I HAVE LEANED TOO*
*TO LAUGH WITH ONLY MY TEETH*
*AND SHAKE HAND S WITHOUT MY HEART*

*I HAVE ALSO LEARNED TO SAY; GOOD BYE;*

*WHEN I MEAN ‘GOOD-RIDDANCE’:*
*TO SAY ‘GLAD TO MEET YOU;*
*WITHOUT BEING GLAD; AND TO SAY ‘IT’ S BEEN*
*NICE TALKING TO YOU; AFTER BEING BORED.*
*BUT BELIEVE ME, SON.*
*I WANT TO BE WHAT I USED TO BE*
*WHEN I WAS LIKE YOU. I WANT*
*TO UNLEARN ALL THESE MUTING THINGS.*
*MOST OF ALL, I WANT TO RELEARN*
*HOW TO LAUGH, FOR MY LAUGH IN THE MIRROR*
*SHOW S ONLY MY TEETH LIKE A SNAKE’ SBAREFANGS!*
*SO SHOW ME, SON,*
*HOW TO LAUGH; SHOW ME HOW*
*I USED TO LAUGH AND SMILE*
*ONCE UPON A TIME WHEN I WAS LIKE YOU*

# THE FIRST EVER I HAD

Monday morning was back again
and what it meant sure that i knew
long hour runs and being lectures
oh! how much i didn’t want to leave.

though i got up packed myself
crowled out of home like a....
sun was bursting out looking at me
run for your bus as it sure will leave

i dragged my self and ran to bus
but there it was a moving away
i ran behind but couldn’t catch up
curing the bus i sat down at the step

few moments later,out of now here
something made my head turn around
unexpected and unwanted it sure...
a blasting sound followed by screams

a drastic explosion i saw before me
but that i missed moments before,exploded
like a broker mirror it fall every where
screams and cries filled the air.

thus i was standing still
eyes filled with tear and fear
what hat just happened?
Something i didn’t expect at all.

scattered was lives everywhere i looked
lost was some soul, soul gone home
drained in blood own’s and loved one’s
cries and screaming was all i could hear.

imaging my self in that bus
filled me with tears and fear
even i had lost my very soul
if i was in thee too!

i do recall something blasting
right before me it exploded
i was re-playing all that moments.

what if i had not miss the bus
i could have joined the screaming
i too lying there drained in blood
crying in pain and begging my
soul not to live.

Oh lord! What a disaster if could..
i still see people running before me
and there i stood like a fool
to whom god gave another life.

Moments later i came to my senses
and ran to wards the explosion spot
i tried to pull people out
and helped them as much as i could.

sure it was unexpected moment
something that i didn’t see coming
out of nowhere it just happened
a moment truely unexpected

never thought that missing a bus
could give your life back again
whom to thank i didn’t know
god as the driver who left me behind

never, expected, never thought
that something like this would happened
a moment that was truely unexpected
and that i never expect to happen

# നന്മകൾ പൂക്കുന്ന വിദ്യാലയം

ഓർക്കുന്നു ഞാനെന്റെ വിദ്യാലയം
എന്നെ ഞാനാക്കിയ വിദ്യാലയം
നന്മ തൻ പൂക്കൾ വിരിയും പൂങ്കാവനം
എന്റെ വിദ്യാലയം എത്ര സുന്ദരം
ഓർമ്മതൻ ചെപ്പുതുറന്ന വിദ്യാലയം
പുസ്തകതാളിൽ ലോകം വിടർത്തുന്ന
നല്ല നാളുകൾ മധുരിക്കും വിദ്യാലയ നാളുകൾ
ഏറെ ദൂരെയാകിലും അരികിലാണെൻ വിദ്യാലയം
കൂട്ടുകാരുമൊത്ത് കളിച്ചു ചിരിച്ച കലാലയം



*-Snehamrutha*
*9D*

# EARTHERN DREAM

You confine me
In every way possible
But I will arise somehow
As a tree, a spring,a lantern or wind.
I will arise each time I fall.

You may bury me deep
In the reddened soil.
I will arise from it.
First a green sapling,
Then a blossomed youthful tree.

You may drown me to the fathoms
Of the deep blue sea.
I will arise from it
Sprouting out to the surface ,
As springs overflowing with life.

You may burn me down
To ashes-cold and pale.
I will arise from it,
Slowly flickering, and emerging
As the ethereal beams of lanterns.
You may silence me
And shut me in pitch black
vacuum.
I will arise from it
Sweating and choking for breath,
Then vapourizing towards the airy
Sky.

I am
the earth,the water,
the fire the air.

I am the dream of earth.
the nature's fountainhead.

# എട്ടുകാലി




പേരുകൾ പോലെ കാലുകൾ എട്ട്
ഇരയെ പിടിക്കാൻ കയിവുണ്ട്
പശപോലുള്ളൊരു വലയുണ്ട്
വലകൾ ഓരോന്നായ് പൊട്ടുമ്പോൾ
വീണ്ടും വീണ്ടും വലനെയ്യും
ഞങ്ങൾക്ക്,
പേരുകൾ പോലെ കാലുകൾ എട്ട്

Ayana P

2A

# കടലാസുതോണി



ഒരുപാടു ദൂരം പോണം

ദിക്കറിയാതെ.ആയമറിയാതെ.

ഒറ്റക്കാണെന്ന ദു:ഖം മാത്രം.

ഒരായിരം നക്ഷത്രങ്ങളെ കാണണം.

മേഘങ്ങളെ തൊടണം.

ഹോ! എത്ര നടക്കാത്ത സ്വപ്നം.

ഹ അഹങ്കാരം അല്ലാതെന്താ.

കടലാസുതോണിയല്ലേ.

ദൂരമെത്ര താണ്ടിയാലും

കടലാസിനെ വെള്ളം വിഴുങ്ങും

# തിരിച്ചറിവുകൾ

മൗനങ്ങളിലാണ്
സൗഹൃദങ്ങളുടെ
ഉറവിടങ്ങൾ.

വാക്കുകളിലാണ്
മുറിവിന്റെ
ആഴങ്ങൾ.

പുഞ്ചിരിയിലാണ്
സന്തോഷത്തിന്റെ
വസന്തങ്ങൾ.

നയനങ്ങളിലാണ്
ഇഷ്ടങ്ങളുടെ
നിലാവുകൾ.

ദർഘലശനങ്ങളിലാണ്
തീവ്രതയുടെ
വെളിച്ചങ്ങൾ.
തിരിച്ചറിവിലാണ്
ജീവിതത്തിന്റെ
വെളിച്ചങ്ങൾ.



# പുഴയുണ്ടേ

കളകളമൊഴുകും പുഴയേണ്ടെ ചെറു-
മീനകൾ നീന്തും പുഴയുണ്ടേ
എന്തു മനോഹരമായ പുഴ !
തെളിനീർ നൽകും പുഴയുണ്ടേ
അരുതി പുഴയേ കൊല്ലരുതെ
അരുമപ്പുഴയെ കൊല്ലരുതെ!





# പ്രളയമേ എനിക്ക് പറയാനുള്ളത്

ഹിബ 9D

തകരപാത്തിയിലൂടെ വെള്ളം ഇറ്റിറ്റായി നിലം പതിക്കുന്നുണ്ട്. തെങ്ങിന്മുരട്ടിലെ മൂർക്കൻ മെല്ലെ തലപൊക്കി. കാർമേഘം നീങ്ങി.അന്തരീക്ഷം തെളിഞ്ഞു. കാറ്റും കോളും കയിഞ്ഞ ഉത്സവത്തിലാണ് ഈയാംപാറ്റയും ചെറുപ്രാണികളും. നിലം




പതിക്കുന്ന ഈറണിയുന്ന മയത്തുള്ളികൾ പുതിമണ്ണിൽ തീക്കുന്ന ചെറുനനവ് എല്ലാത്തിനും പുതുജന്മം നൽകുന്നു. ചെയ്തുപോയ പ്രവർത്തികൾക്ക് പ്രായശ്ചിത്തമാവാം. അവിടത്തെ ചെറു മൺതരികൾക്കൊരു വലിയ കഥ പറയാനുണ്ട്. അവ നേരിട്ട ഏറ്റവും ഭയാനകമായ നിമിഷങ്ങളുടെ കഥ. ഇത്തിരി നിമിശത്തെ ഒത്തിരി സഹായങ്ങളുടെ കഥ. പുഴയിറങ്ങുന്ന സന്ധ്യാനേരം ആ ഭീതിജനകമായ നാളുകളെ വല്ലാതെ ഓർമ്മയിലെത്തിക്കുന്നുണ്ട്. കേരളത്തിന്റെ ഇങ്ങേ തലയിൽ നിന്നാണ് ആദ്യാനുഭവം. ചെറിയ പൂമൊട്ടിട്ട കുമിളകൾ ആവിപരത്തും പോലെ ചെറുവിസ്ഫോടനത്തിന് തയ്യാറായതായിരുന്നു. നനഞ്ഞ്കുതിർന്ന മൺതരികൾ ഇങ്ങനെ ചതിക്കുമെന്ന് ആരും കരുതിയില്ല. കാറ്റിന്റെ ഗതി തെറ്റിച്ച് കാരണവരുടെ ജീവനെടുത്ത, കണ്ണുകളീറണിഞ്ഞ

ദിനങ്ങൾ. പകലന്തിയോളം ഊണും ഉറക്കവുമില്ലാതെ കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരുന്ന വയനാടിന്റെ കാടുകളിലെ മനുഷ്യജീവനുകൾ. എല്ലാം നിന്റെ ചെയ്തികൾ കൊണ്ട് തന്നെയാണ്. വിലപിക്കാനും പരിഭവത്തിന്റെ മാറാല കെട്ടാനും മാത്രമാണീ എഴുത്ത്. കണ്ണിൽ കണ്ടിരുന്ന നന്മനിറഞ്ഞ മനസ്സുകൾ ഇന്നലെ നിന്റെ ചെറ്തഴുകലില് കാണാദൂരം പിന്നിട്ടുവെന്ന യാഥാർത്ഥ്യം ഉൾകൊള്ളാൻ ഈ മനസ്സിന് വല്ലാത്ത പ്രയാസം. ചെറുപ്പം മുതലേ തോട്ടിൻ കടവത്തെ ചൂലിനും പുഴയോരത്തെ പരലിനും നിന്റെ മഹാത്മ്യമേ പറയാനുണ്ടായിരുന്നുള്ളൂ. വെള്ളം അമൃതാണെന്നുവരെ പറഞ്ഞു തുടങ്ങി ചിലർ. കാത്തിരുപ്പിനൊടുവിൽ നിന്റെയീ തഴുകലിൽ എല്ലാമലിഞ്ഞില്ലാതെയായി.പക്ഷെ,നീ കാരണം ഒന്നായ ചില കഥകൾ ഞങ്ങൾക്ക് പറയാനുണ്ട്. കൈകളൊന്നായി തലോടിയ നിമിശങ്ങൾ. മതചി ഹ്നങ്ങൾ സഞ്ജായചിഹ്നങ്ങളായി മാറിയ ദിനങ്ങൾ. മനുഷ്യമനസ്സുകൾ നന്മക്കായ് മാത്രം സൃഷ്ടിക്കപ്പെട്ടതാണന്ന് തോന്നിപ്പോയ അവസരങ്ങൾ. സോഷ്യൽ മീഡിയ നീട്ടിയ മറക്കാനാവാത്ത സഹായഹസ്തങ്ങൾ. പ്രളയം ഒരു പാഠമാണ്. മറക്കാൻ ശ്രമിക്കുന്ന,ചളി നിറഞ്ഞ ദിനങ്ങളെ ഓർമപ്പെടുത്തൽ.ദുരന്തത്തിന്റ ആഴക്കടലിൽ തനിച്ചാണെന്ന തിരിച്ചറിവ്. കളങ്കം നിറഞ്ഞ ജീവിതത്തിനൊരറുതിയുണ്ടന്ന ബോധം. നിലാവ് പെയ്യുന്ന ഇരുട്ടിൽ മന്ദം ഒലിച്ചിറങ്ങുന്ന വെള്ളപ്പാച്ചിലിനെ മാത്രമേ ഇതുവരെ കണ്ടിരുന്നുള്ളൂ. കറുകറുക്കുന്ന നിമിഷാർദ്ധങ്ങളും നിന്നിലുണ്ടെന്നറിയുന്ന ഈ നിമിഷത്തിൽ.



## അമ്പിളി അമ്മാവൻ

*സന്ധ്യയ്ക്ക് അമ്മയുടെ ഒക്കത്തിരുന്ന് അവൾ ആകാശം കാണുകയായിരുന്നു. പപ്പടവട്ടത്തിൽ തിളങ്ങുന്ന ചന്ദ്രനും,എണ്ണിയാൽ ഒടുങ്ങാത്ത നക്ഷത്രങ്ങളും അവളെ അത്ഭുതപ്പെടുത്തി. പക്ഷേ അമ്മയുടെ ഒക്കത്തുള്ള ഇരിപ്പ് അവൾക്കിഷ്ടപ്പെട്ടില്ല. അച്ഛനാണെങ്കിൽ ഇടതുകൈയി ലിരുത്തി ഉയർത്തിപ്പിടിക്കും അതാണ് അവൾക്കിഷ്ടം . അവൾ പതുക്കെ തായത്തിറങ്ങി അച്ഛന്റെ അടുത്തെത്തി . അച്ഛൻ അവളെ പതിവുപോലെഎടുത്തു. അവിടെ ഇരുന്ന് അവൾ ആകാശത്തേക്ക്നോക്കി. അച്ഛൻ നടന്നുതുടങ്ങി. അവൾക്കറിയാം അച്ഛൻ അവളെയും കൊണ്ട് ജോണങ്കിളിന്റെ കടയിലേക്കാണ് പോകുന്നത്. ഇതാണ് ഒരു മകൾക്ക് അച്ഛനിൽ നിന്ന് കിട്ടുന്ന സ്നേഹം.*

# അലങ്കാര ഭംഗി

*തുമ്പിക്കൈയ്യോളം വലുപ്പമുള്ള മഴത്തുള്ളി തുമ്പിക്കയ്യോളം വലിപ്പമുള്ള തുള്ളികളൊന്നും ഉണ്ടാവുകയില്ല. കവിതയ്ക്ക് ഈണം പകർക്കാൻ വേണ്ടി കവിയുടെ സങ്കല്പങ്ങളാണിതൊക്കെ. കവിതയിലെവരികളുടെ തുടർന്നുള്ള ഈണത്തിനും താളത്തിനും യോജിച്ച നല്ല ഒരു അലങ്കാരം സൃഷ്ടിക്കുകയാണ് നമ്മുടെ കവി. മാത്രമല്ല വലിയതായ ഒരാശയംകൂടി പകർന്നു തരികയാണ്.ശക്തമായ ആമഴയെ കുഞ്ഞുവാക്യങ്ങളിൽ ഒതുക്കുകയാണ് കവി.ഇതുപോലെ ഒരു പാട്പ്രയോഗങ്ങൾ കവിതയുടെതാലത്തിന് വേണ്ടിപ്രയോഗിക്കുന്നു.*



# അന്യന്റെ മുതൽ ആഗ്രഹിക്കരുത്




കറുത്തമ്മകാക്കയും പൂങ്കാരി തത്തയും കൂട്ടുകാരാണ്. അവർ ഒരു ദിവസം തീറ്റതേടി പോവുകയായിരുന്നു. വഴിയിൽ വെച്ച് ശക്തമായ കാറ്റും മഴയും. അപ്പോൾ തത്ത പറഞ്ഞു: ഞാൻ എന്റെ വീട്ടിലേക്ക് പോവികയയയാണ്, എന്റെ വീട് സ്വർണ്ണം കൊണ്ടുണ്ടാക്കിയതാണ്.

കാക്ക പറഞ്ഞു: ഞാൻ എന്റെ വീട്ടിലേക്ക് പോവികയാണ്, എന്റെ വീട് ചുള്ളികൊണ്ടുണ്ടാക്കിയതാണ്.മഴ പെയ്തപ്പോൾ കാക്കയുടെ വീട് ഒലിച്ചുപോയി. അപ്പോൾ കാക്ക കുഞ്ഞുങ്ങള കൊണ്ട് തത്തയുടെ വീട്ടിലേക്ക് പോയി. തത്ത അവർക്ക് താമസിക്കാൻ ഒരു റൂം കൊടുത്തു. പിറ്റേ ദിവസം രാവിലെയായപ്പോൾ തത്തയുടെ വീടിന്റെ പകുതി സ്വർണ്ണം കൊണ്ട് കാക്ക പോയി. അതുകൊണ്ട് കാക്ക ഒരു വീടുണ്ടാക്കി. അവിടെ മഴ പെയ്തപ്പോൾ അതും ഒലിച്ചുപോയി. അതാണ് ഒരാളുടെ സാധനം ചോദിക്കാതെ എടുക്കാൻ പാടില്ല എന്ന് പറയുന്നത്. "അന്യന്റെ മുതൽ ആഗ്രഹിക്കരുത്".

# പൊയ് കിനാവ്

ഓർമ്മതൻ തീരത്തെന്നെ തനിച്ചാക്കി
പോയതെവിടെ നീ നിലാവേ?
തേടി അലഞ്ഞു ഈ പാരിടമാകെ,
ഒരു നേർത്ത ശ്വസം മാത്രം
ബാക്കിയായ്.
അതൊരു അലതീരാ കടലുപോലെ
ഇന്നും ആഞ്ഞടിക്കുന്നു.
അതങ്ങ് ഒഴുകിത്തീരും
ചില നേരങ്ങളിൽ ഒരു തുള്ളി
കമണ്ണീരായ്.
കണ്ണുകലക്കി തനിച്ചാക്കി നടന്ന നേരം



പറയാമായിരുന്നില്ലേ ഒരു വട്ടമെങ്കിലും,
വെറുതെയങ്കിലും,കാത്തിരിക്കണമെന്ന്.
പ്രതീക്ഷിച്ചു, ഒന്നല്ല രണ്ടല്ല ആയിരം വട്ടം
ആ ഹൃദയവരികളെ.
എന്നിരുന്നാലും,
ഇതൊരു വിങ്ങലാണ്.
കരച്ചിലടക്കിപ്പിടിച്ച് ചിരിക്കുന്നവന്റെ
മാത്രം നൊമ്പരങ്ങൾ.

# THE UNHOLY DAUGHTER

Father!you still alive
Poor thing,the world pities you
how savage you are world?
The ecstacy which  my lineage had is
just tattered by you
she pleaded the government.
“it would be kind of you
to permit me to picture my father
until he is stagnant”
no food or water inside.
Understand  silence restricted her
How could one see her word?
Loosing faith,emotions and blood
Yes he is my father!!!
No way he’ll famish to death
Her eyes took control of a protective
mother.
Our strength shall live again
with my breast milk l will feed him .
Everyday her warmth
made him live half_a_ year!
She was caught suspiciously
failed?but I leave a carefree
selflessness nature which won
the heart of failure and freedom
collided.
Long live my father.



# അമ്മ പഠിപ്പിച്ചവ



ഓരോ മുള്ളിനുമപ്പുറം

പുലരുന്ന പൂക്കളെ

വളർത്തിയോളമ്മ

കാണാൻ പഠിക്കുരമ്പുകൾ വന്നെന്റെ

ചോരയിറ്റിക്കേ...ഒരു

ചിരിപ്പൂ വിടർത്താൻ

കരുത്തു തന്നവൾ

കറുത്ത രാത്രികൾ

കാലുതെറ്റിക്കെ... ഒരു

പൂനിലാ വെട്ടമായ്ക്കാൽ നടത്തിയോൾ

സഹനകാലത്തി-

ന്നിടവപ്പാതിയിൽ

മഴ നനക്കാതെയെൻ

താങ്ങായി നിന്നവൾ





**Fathima sahla vk**

9C

# അമ്മ


വാത്സല്യത്തിൻ നറുകുടമമ്മ
സ്നേഹമെന്താണെന്ന് എന്നെ അറിയിച്ചു,
വസന്തകാലത്ത് വിരിഞ്ഞ പൂപോലെ
എനിക്ക് ജന്മം നൽകിയ അമ്മ,
റോസാപൂവിന്റെ  ഇതൾ പോലെ
ചുവന്ന് തുടുത്ത് നിൽക്കുന്ന
സ്നേഹം എനിക്ക് നൽകുന്ന
അമ്മയാണ് എന്റെ മാതൃക.



സ്നേഹത്തെ ഓരോ മഴത്തുള്ളിയായ്
എൻ മേൽ സ്പർശിക്കുന്നു,
സുന്ദര ബഹുലമായ നിമിഷങ്ങൾ
എനിക്ക് സമ്മാനിക്കുന്നു.

നമുക്ക് ചെറുതൊന്നു സംഭവിച്ചാൽ
രാപകൽ നേരം മൂകയായ് നിൽക്കുന്നു
നിത്യവും എൻ കിനാവിൽ
മാലാഖയായ് വരുന്ന അമ്മ
എന്റെ മേൽ അനുഗ്രഹങ്ങൾ പൊഴിക്കുന്നു.

# ഇല



മരമെന്ന അമ്മയിൽ നിന്ന്
എന്നെ
വേർപ്പെടുത്തിയത് ട്രില്ലർ
മെഷീൻ
കിട്ടിയതോ പാതിപോയ
എന്നെ
അലമാരയാക്കാൻ
പറ്റാത്തത് കൊണ്ടാണോ
എന്തോവ
വരണ്ട ഭ്രമിയിൽ പാറി നടന്ന്
ഉണങ്ങി ഞാൻ
ഇന്ന് മണ്ണ് എന്റെ സുഹൃത്ത്.

# എൻ കൂട്ടുകാർ

ഇന്നലെ എൻ ഹൃദയമാം പൂന്തോപ്പിൽ
പാറിപ്പറന്നൊരു വർണ്ണശലഭമേ
നിന്നെ ഞാൻ നെഞ്ചോടു ചേർത്തപ്പോൾ
എന്നുള്ളമറിയാതെ തേങ്ങിയെങ്കിലും
കണ്ണീർ പൂക്കളിൽ കുളിരേകിയത് നീ മാത്രം
എൻ മിഴികൾ തുടച്ചത്
നിൻ കരങ്ങൾ മാത്രം




**Husna bishara**
**9C**

# നിള ജനിക്കുന്ന

നിളയ്ക്കിനിയും ജനിക്കണം
മറഞ്ഞ സ്വപ്നങ്ങളും
രഹസ്യയോഗങ്ങൾ
മഴയായി പെയ്തിറങ്ങുന്ന
കറുത്ത കർക്കിടകത്തിന്റെ
പല പല രാത്രികളിൽ
നിളയ്ക്ക് ഇനിയും ജനിക്കണം



# പൂവ്



അമ്മയെ കീഴടക്കിയ
അന്നേ, ഞാൻ മണ്മറഞ്ഞു
കായ്ക്കാനിരുന്ന കായ്കൾ
ഈ ലോകത്തിന്റെ മുഗങ്ങളെ
കാണാത്തത് എത്ര മനോഹരം
എന്നെ കാത്തു നിന്ന അണ്ണാനും
കിളികളും
എങ്ങോട്ട് മറഞ്ഞു
വസന്തത്തിനും ശിശിരത്തിനും
വേനലിനും അതേ പടി സ്വീകരിച്ച
ഞാൻ എന്ന അമ്മയോ
എൻ ഇലകളോ, കായ്കളോ
എൻ അടിത്തറയോ
ഇന്നിവിടെ ക്രമം തെറ്റിയത്?
അതോ മരം ഒരു വരമെന്ന്
പറഞ്ഞ പ്രച്ഛന്ന വേഷം കെട്ടിയ
*നിങ്ങളോ.....?!*

Hamna I T
9 D

# പ്രകൃതി തൻ വരദാനം

പ്രകൃതി എൻ വരദാനം
പ്രകൃതി തൻ മാതാവ്
കുളിർ മഴയായി പെയ്യും
പ്രകൃതി എന്ന രോമാജം

പ്രകൃതി തൻ സംരക്ഷണ
കർത്തവ്യം നമ്മൾ തൻ
കർത്തവ്യം
പ്രകൃതി എന്ന മഹാത്ഭുതം

*നമ്മൾ തൻ വിസ്മയം*



# മരത്തണൽ

ഇന്നെന്നോർമയിൽ വരുന്ന
ആമരത്തണൽ
ആകാലംഎൻ ബാല്യകാലം
വിശപ്പിനോരത്ത്  അഭയകേന്ദ്രമില്ലാതെ
നാഥനായി നിന്നെപ്പോയും
എന്നഭയ കേന്ദ്രമായി ആ മരത്തണൽ
കിളിക്കൊഞ്ചലുകൾ കേട്ടുറങ്ങി
ഞാനാ മരത്തണലിൽ.....
എൻ ജീവിതാഭിലാശങ്ങൾ നിറവേറ്റിയ
എന്നുമെൻ സ്വന്തം...മരത്തണൽ



# മാഃനിഷാദാ....!

കിതച്ച് കുതിച്ചോടുന്ന കുതിരകളുടെ
കുളമ്പടിതൻ നാദവുമായി
തുരുതുരാ...വെടിയൊച്ചകൾ പായുന്ന
തോക്കിൻ ഗർജ്ജനശ്രുവത്തിൽ
കിടക്കുന്നു നിരപരാധിയാം ശരീരങ്ങൾ
ഈ യുദ്ധഭൂമിയിൽ....!
എന്തിനീ യുദ്ധ...
നാശനഷ്ടങ്ങളുടെ വിത്തായി...
കാലന്റെ കുളമ്പടികളായി...
വിനാശമീ യുദ്ധം...!
മാറുക മനുജരേ നാം സമത്വ-
സുന്ദര ലോകം തീർക്കാൻ
ജാതിമത വർഗ്ഗ ഭേദമന്യേ
കോകോർത്തിനി
പോരാടുക എന്നും ശാന്തിക്കായ്....!

# ചാന്ദ്ര ദിന ക്വിസ്

- ഒരു വ്യാഴ വട്ടം- 12 വർഷം

- ആദ്യം ബഹിരാകാശത്തെത്തിയ ഇന്ത്യൻ വനിത- കൽപന ചൗള

- ഒരു ഉപഗ്രഹം മാത്രമുള്ള ഗ്രഹം- ഭൂമി

- ഏറ്റവും തിളക്കമുള്ള ഗ്രഹം- ശുക്രൻ

- മനുഷ്യൻ ആദ്യം ചന്ദ്രനിൽ ഇറങ്ങിയത്- 1969 ജൂലൈ 21

- ആകർഷകമായ വലയങ്ങൾ ഉള്ള ഗ്രഹം- ശനി

- സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹം- ഗാനിമീഡ്(വ്യാഴം)

- ചന്ദ്രനിൽ ദൃശ്യമാകുന്ന ആകാശത്തിന്റെ നിറം- കറുപ്പ്

- ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹം- ആര്യഭട്ട

# തെയ്യം

നൃത്തം ചെയ്യുന്ന ദേവതാ സങ്കൽപമാണ് തെയ്യം.തെയ്യത്തിന്റെ നർത്തനം തെയ്യാട്ടം എന്നും തെയ്യത്തിന്റെ വേഷം തെയ്യക്കോലം എന്നും അറിയപ്പെടുന്നു.പ്രധാനമായും അമ്മ ദൈവങ്ങളാണ് തെയ്യങ്ങൾ.(ഉദാ.മുച്ചിലോട്ട് ഭഗവതി).കൂടാതെ വീരന്മാരെയും തെയ്യങ്ങൾ ആയി ആരാധിക്കുന്നു.(ഉദാ.കതിവനൂർ വീരൻ).ഏതാണ്ട് അഞ്ഞൂറോളം തെയ്യങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു.എങ്കിലും നൂറ്റി ഇരുപതോളം തെയ്യങ്ങളാണ് സാധാരണയായിട്ടുള്ളത്.



# ദിനാചരണങ്ങൾ

ജൂൺ-5 = പരിസ്ഥിതി ദിനം

6 =ഉള്ളൂർ ചരമ ദിനം

19 =വായനാ ദിനം

26 =പുകയില വിരുദ്ധ ദിനം

ജൂലൈ-5=ബഷീർ ചരമ ദിനം

11=ജന സംഖ്യാ ദിനം

21=ചാന്ദ്ര ദിനം

ആഗസ്റ്റ്-6=ഹിരോഷിമ ദിനം

9=നാഗസാക്കി ദിനം,ക്വിറ്റ് ഇന്ത്യ

15=സ്വാതന്ത്യ ദിനം

സെപ്റ്റംബർ-5=അധ്യാപക ദിനം

16=ഓസോൺ ദിനം

ഒക്ടോബർ-2=ഗാന്ധി ജയന്തി

16=വള്ളത്തോൾ ജന്മദിനം

നവംബർ-1=കേരളപ്പിറവി ദിനം

11=ദേശീയ വിദ്യാഭ്യാസ ദിനം

14=ശിശു ദിനം

ഡിസംബർ-1=ലോക എയ്ഡ്സ് ദിനം

3=ഭോപ്പാൽ ദിനം

10=മനുഷ്യാവകാശ ദിനം

ജനവരി-26=റിപ്പബ്ലിക് ദിനം

30=രക്തസാക്ഷി ദിനം

ഫെബ്രുവരി-2=ലോക തണ്ണീർത്തട ദിനം

21=മാതൃ ഭാഷാ ദിനം

28=ദേശീയ ശാസ്ത്ര ദിനം

*മാർച്ച്-22=ലോക ജല ദിനം*

# പർവ്വതങ്ങൾ

- എവറസ്റ്റ് കൊടുമുടി
- ലോകത്തിലെ ഏറ്റവും വലിയ കൊടുമുടി.
- നേപ്പാളിൽ സ്ഥിതി ചെയ്യുന്നു.
- ഉയരം 8848 മീറ്റർ
- കീഴടക്കിയവർ, ടെൻസിംഗ് നോർഗെ

എഡ്മണ്ട് ഹിലാരി.

-മൗണ്ട് k 2

- ഉയരത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്ത്
- ചൈന-പാക്കിസ്ഥാൻ രാജ്യങ്ങളിലായി സ്ഥിതി ചെയ്യുന്നു.
- ഉയരം 8611 മീറ്റർ

-കാഞ്ചൻ ജംഗ

- ലോകത്ത് ഉയരത്തിൽ മൂന്നാമത്
- ഇന്ത്യയിൽ സ്ഥിതി ചെയ്യുന്നു
- ഉയരം 8586 മീറ്റർ
- ബാരൻ

-ഒരു അഗ്നി പർവ്വതം

- ഇന്ത്യയിൽ സ്ഥിതി ചെയ്യുന്നു

- ആൻഡമാൻ നിക്കോബാർ ദ്വീപിൽ സ്ഥിതി ചെയ്യുന്നു.

- തെക്കേ ഏഷ്യയിലെ ഏക സജീവ അഗ്നി പർവ്വതം.

- ഒളിംപസ് മോൺസ്

- ചൊവ്വയിലാണ് ഈ പർവ്വതം

- ഉയരം, 22 km.

-സൗരയൂഥത്തിലെ ഏറ്റവും ഉയരമേറിയ പർവ്വതം

-ആൽപ്സ്

- 1200 km-ൽ അധികം നീളം

- യൂറോപ്പിലെ ഏറ്റവും ഉയരമേറിയ പർവ്വതം

-വിൻസൺ മാസിഫ്

-അന്റാർട്ടിക്കയിലെ ഏറ്റവും ഉയരമേറിയ പർവ്വതമാണ്.

- ഉയരം 1897 മീറ്റർ

-കിളിമഞ്ചാരോ

-ആഫ്രിക്കൻ വൻകരയിലെ ഏറ്റവും ഉയരം കൂടിയ പർവ്വതം

പഴയമൊഴി

# വിശ്വാസവും പ്രകൃതിയും

പ്രകൃതിയും മനുഷ്യനും തമ്മിൽ പുലർത്തിപ്പോരേണ്ട പരസ്പരത്തിന്റെ പ്രതിഫലനമായി ധാരാളം വിശ്വാസങ്ങളുണ്ട്.അത്തരംചില വിശ്വാസങ്ങൾ താഴെ നൽകുന്നു.

*പൂച്ച വന്നു കയറിയാൽ ഐശ്വര്യം വരും

*ഉറുമ്പ് മുട്ടയുമായി കൂട് കൂട്ടുന്നത്ഐശ്വര്യമാണ്

*കാവു മുടിഞ്ഞാൽ കിണർ വറ്റും

*പൂച്ചയെ തല്ലിയാൽ കൈ വിറക്കും

*പച്ചക്കുതിര ഐശ്വര്യം കൊണ്ടുവരും



ANSIL RAHMAN.P.P
9B

# പുസ്തകങ്ങൾ,രചയിതാക്കൾ

മിന്നു=ലളിതാ ലെനിൻ

ഒരു മഹാ യുദ്ധത്തിന്റെ കഥ=ഗംഗാധരൻ ചെങ്ങല്ലൂർ

ബന്ധങ്ങൾ ബന്ധനങ്ങൾ=മുല്ലൂർ സുരേന്ദ്രൻ

ഒരക്ഷരം വിട്ടു പോയാൽ=v.k ഹരിദാസ്

അപ്പൂപ്പൻ, അമ്മൂമ്മ=B ഇന്ദിര

പാടം പൂത്ത കാലം= ജോർജ് പുളിങ്കാട്

രണ്ടു മത്സ്യങ്ങൾ=അംബികാസുതൻ മാങ്ങാട്

ആടു ജീവിതം=ബെന്യാമിൻ

ബാല പാഠം=v കൃഷ്ണ വാര്യർ

വികൃതി രാമൻ=p നരേന്ദ്ര നാഥ്

വയനാടൻ കോട്ട=സിപ്പി പള്ളിപ്പുറം

പല്ലു കടലും കടന്ന്=A.D പത്മാലയ

# പൂമ്പാറ്റയോട്

പൂവിലിരിക്കും പൂമ്പാറ്റേ
സുന്ദരിയായ പൂമ്പാറ്റേ
പൂവിൽ മയങ്ങും
പൂമ്പാറ്റേ



പൂന്തേനെണ്ണും പൂമ്പാറ്റേ
പാറി നടക്കും പൂമ്പാറ്റേ
എന്നുടെ കൂടെ
പോരാമോ
പൂന്തേൻ കുടിക്കാൻ
തന്നീടാം
നിന്നുടെ കൂടെ കളിക്കാം ഞാൻ
വായോ വായോ പൂമ്പാറ്റേ
എന്നുടെ കുടെ വന്നീട്ടു...

Sayona K S

1A

# പ്രളയം

വാർത്തകളിൻ-

പ്രളയം...

കണ്ണീരിന്റെ,

പ്രളയം...

മഴ ദൈവങ്ങൾ

കനിഞ്ഞ...

പ്രളയം.

എങ്കിലും ദു:ഖം!

ഓർമ്മകൾ മറഞ്ഞു..

പ്രളയത്തിൽ.

സ്വപ്നങ്ങൾ ഒഴുകി-

പ്രളയത്തിൽ.

ഒടുവിൽ വന്ന

പത്ര വാർത്തയിൽ-

ഒരു കടലിരമ്പൽ!

വാർത്തയുടെ ഉള്ളിലിങ്ങനെ-

“ഞാൻ കാത്തിരിക്കുകയാണ്

നീ തിരിച്ചുവരുമെന്ന

പ്രതീക്ഷയിൽ"

പ്രളയം...!

ഹൃദയത്തിലും,

വാർത്തയിൽ...!

# മഴ

മനസിനെ കുളിരണിയിച്ചു കൊണ്ട് ഒരു മഴക്കാലം കൂടി വരവായി.മഴയുടെ വരവറിയിച്ചു കൊണ്ട് ഇളം മന്ദമാരുതൻ എല്ലാവരേയും ഒന്ന് തലോടി.വേദിയിലാകെ അന്ധകാരത്തിന്റെ



ഛായാചിത്രങ്ങൾ വരക്കുന്നു.

മുന്നോടിയെന്ന വിധം ഒരു മഴത്തുള്ളി ഭൂമിയെ സ്പർശിച്ചു.പിന്നെ ജലകണികകളുടെ മത്സരമായിരുന്നു.ഭൂമിയെ ഒന്ന് സ്പർശിക്കാൻ അവ തിടുക്കം കൂടി.ഓരോ ജലകണികക്കും ഭൂമിയോട് പറയാൻ ഏറെ ഉണ്ടായിരുന്നു.ഒരു ജീവിത ചക്രത്തിന്റെ കഥ.അവ കേൾ ക്കാൻ ഭൂമിയും ആഗ്രഹിക്കുകയാണ്.പ്രണയിനിയെ പോലെ.....പക്ഷെ ആ സംഗമം ദൈവവിധിയാണ്.ഭൂമിയെ സ്പർശിച്ച ഓരോ ജലകണികയും മരണത്തെ പ്രാപിച്ചു.ഒരു ത്യാഗമായിരപന്നു.ജീവത്യാഗം.ഭൂമിയിലെ ജീവന്റെ നിനിൽപ്പിന് വേണ്ടി സ്വയം നൽകിയ ബലി.അതുകൊണ്ടുതന്നെ ദൈവം ആ കണികകളെ


ശ്രദ്ധിക്കാതിരുന്നില്ല.അവരുടെ സല്ലാപ സന്തോഷത്തിനായി ആ കണികകളിലൊന്നിനെ ദൈവം ഒരു ചേമ്പിലയിൽ കിടത്തി.അപ്പോഴും തമ്മിൽ കാണാതെ തന്റെ പ്രണയിനിക്കായി ആ കണിക തന്റെ ജീവിതമാവുന്ന വീണയിൽ ശ്രുതി മീട്ടി.ആ സംഗീത സാഗരം ഒരു വർഷക്കാലം വരെ നീണ്ടുനിന്നു.വീണ്ടും കമിതാക്കളെ വേർപ്പെടുത്തുവാനായി സൂര്യരശ്മികൾ ഭൂമിയിലേക്കിറങ്ങി.ഒരു വേനൽ കാലത്തിന്റെ ആരംഭം.ജലകണികകൾക്ക് അത് സഹിക്കാനാവുന്നതിലും അപ്പുറത്തായിരുന്നു.വീണ്ടും ആ കണിക നീരാവിയായി രൂപാന്തരപ്പെട്ടു.പിന്നെ തന്റെ പ്രണയിനിയോട് തിരിച്ച് വരുമെന്ന വാഗ്ദാനം നൽകി.ആകാശത്തിന്റെ അനന്തതയിലേക്ക് പറന്നുയർന്നു.വിരബ വേദനയോടെ ഭൂമി കണികയുടെ പ്രയാണത്തെ വീക്ഷിച്ചു.അങ്ങനെ ഒരു മഴക്കാലം കൂടി അവസാനിച്ചു ഇനിയും വരുമെന്ന പ്രതീക്ഷയോടെ...

# ലോക വനദിനം

വനങ്ങളുടെ പ്രാധാന്യത്തെ പറ്റി ജനങ്ങളെ ബോധവൽക്കരിക്കാനും മറ്റുമായി എല്ലാം വർഷവും മാർച്ച് 21 ലോക വനദിനം ആചരിക്കുന്നു.2011 അന്താരാഷ്ട്രവനവർഷം കൂടിയാണ്.വനങ്ങൾ ജനങ്ങൾക്കായി എന്നതാണ് വനവർഷത്തിന്റെ പ്രമേയം.

*ലോകത്ത് പ്രതിവർഷം 130000 ചതുരശ്രകിലോമീറ്റർ വന ഭൂമി നഷ്ടപ്പെടുന്നു എന്നതാണ് ഐക്യരാഷ്ട്രസഭ പറയുന്നത്*

# ശ്രീനാരായണഗുരു



ആധുനിക കേരളത്തിന്റെ ശില്പികളിൽ പ്രമുഖനായിരുന്ന ശ്രീനാരായണഗുരു 1856 -ൽ തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിൽ

ജനിച്ചു. അച്ഛൻ

മാടനാശാൻ,അമ്മക്കുട്ടി, നാരായണൻ എന്നീ പേരിൽ

അറിയപ്പെടുന്നു.

*ചെറുപ്പത്തിൽ തന്നെ അസാധാരണ ബുദ്ധി വൈഭവവും തികഞ്ഞ ഈശ്വരഭക്തിയും ചിന്താശീലവും അദ്ദേഹത്തിൽ*

*പ്രകടമായിരുന്നു.*






*Faiha k p*


*5B*






**സൻഹ പി**

**5B**







**Krishna P**
**5B**


**നമ്മുടെ സ്കൂളിൽ നിന്നും 31/01/2020 ന് സർവീസിൽ നിന്നും പിരിയുന്ന സുകുമാരേട്ടന് 5 B നൽകുന്ന സ്നേഹോപഹാരം**









# Digital Drawing









Anal N
10 A



**ലിറ്റിൽ കൈറ്റ്സ് ടീം**

***gvhsspullanur***

# നന്ദി